ഉത്തരം

(എ-ഡി) സംസ്ഥാനത്ത് മത തീവ്രവാദ സംഘടനകളായ വിശ്വഹിന്ദു പരിഷത്ത്, ആർ.എസ്.എസ്., ശിവസേന, അൽ ഉമ്മ, ജം-ഇയത്തുൾ, ഇഹ്സാനിയ, ഇസ്ലാമിക് ഭാവാ മൂവ്മെന്റ്, എൻ.ഡി.എഫ്., സിമി എന്നിവ പ്രവർത്തിക്കുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത്തരം സംഘടനകളുടെ പ്രവർത്തനം സസൂക്ഷ്മം നിരീക്ഷിച്ചു വരുന്നുണ്ട്. സാമുദായിക സംഘർഷം സൃഷ്ടിക്കുന്നതിനുവേണ്ടി ശ്രമിക്കുന്നവർക്കെതിരായി ശക്തമായ നടപടികൾ സർക്കാർ സ്വീകരിക്കും.

കണ്ണൂർ ജില്ലയിലെ അക്രമസംഭവങ്ങൾ

105 (106) ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ മന്ത്രിസഭ നിലവിൽ വന്നശേഷം കണ്ണൂർ ജില്ലയിൽ എത്ര അക്രമസംഭവങ്ങൾ ഉണ്ടായിട്ടുണ്ട് ;

(ബി) പ്രസ്തുത ജില്ലയിൽ ഈ കാലയളവിൽ എത്രപേർ കൊല്ലപ്പെട്ടു. അതിൽ ബി.ജെ.പി., ആർ.എസ്.എസ്. പ്രവർത്തകരും അനുഭാവികളും എത്ര ; സി.പി.ഐ.(എം) പ്രവർത്തകരും അനുഭാവികളും എത്ര ; മറ്റു കക്ഷികളിൽ ഓരോന്നിന്റേയും പ്രവർത്തകരും അനുഭാവികളും എത്ര ;

(സി) ഈ കാലഘട്ടത്തിൽ കണ്ണൂർ ജില്ലയിൽ എത്രപേരുടെ കൈകാലുകൾ ഛേദിക്കപ്പെട്ടു ;

(ഡി) അതിൽ ബി.ജെ.പി., ആർ.എസ്.എസ്. പ്രവർത്തകരും അനുഭാവികളും എത്ര ;

(ഇ) സി.പി.ഐ.(എം) പ്രവർത്തകരും അനുഭാവികളുമെത്ര ;

(എഫ്) കോൺഗ്രസ് പ്രവർത്തകരും അനുഭാവികളുമെത്ര ; മറ്റു ഓരോ രാഷ്ട്രീയ പാർട്ടികളുടെയും പ്രവർത്തകരും അനുഭാവികളും എത്ര ;

(ജി) ഈ കാലഘട്ടത്തിൽ കണ്ണൂർ ജില്ലയിൽ. ഓരോ പാർട്ടിയിലുംപ്പെട്ട എത്രപേർക്കു വീതം മറ്റ് വിധത്തിലുള്ള പരിക്കേറ്റു ;

(എച്ച്) ഈ കാലയളവിൽ കണ്ണൂർ ജില്ലയിൽ ഓരോ രാഷ്ട്രീയ കക്ഷികളുടേയും പ്രവർത്തകരുടേയും അനുഭാവികളുടേയും എത്ര വീടുകൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവ പൂർണ്ണമായോ, ഭാഗികമായോ തകർക്കപ്പെട്ടു ;

(ഐ) ഈ കാലയളവിൽ രാഷ്ട്രീയ കക്ഷി പ്രവർത്തകരുടേയോ അനുഭാവികളുടേയോ വീടുകൾ, വ്യാപാര സ്ഥാപനങ്ങൾ, കൊപ്രാക്കളങ്ങൾ എന്നിവ പൂർണ്ണമായോ ഭാഗികമായോ തീവെച്ച് നശിപ്പിക്കപ്പെട്ടു ;

(ജെ) ഈ കാലയളവിൽ കണ്ണൂർ ജില്ലയിൽ ഓരോ രാഷ്ട്രീയ കക്ഷികളുടേയും പ്രവർത്തകരുടെയോ അനുഭാവികളുടേയോ എന്തുവിലയ്ക്കുള്ള വിളകളും ഫലവൃക്ഷങ്ങളും നശിപ്പിക്കപ്പെട്ടു എന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 9384 അക്രമ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) 154 പേർ കൊല്ലപ്പെട്ടു. ഇവ രാഷ്ട്രീയ സംഘടനങ്ങളല്ലാത്തതിനാൽ പൂർണ്ണമായ കക്ഷി തിരിച്ച് കണക്ക് വ്യക്തമല്ല.

(സി-ജെ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പ്രതിമകളും ഗുരുമന്ദിരങ്ങളും തകർത്ത സംഭവങ്ങൾ

106 (107) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം ഇതുവരെ ശ്രീനാരായണ ഗുരുദേവന്റെ പ്രതിമകളും ഗുരുമന്ദിരങ്ങളും തകർത്ത എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട് ;

(ബി) എവിടെയെല്ലാമാണ് ഇത്തരം സംഭവങ്ങൾ ഉണ്ടായതെന്ന് കാണിക്കുന്ന ലിസ്റ്റ് ലഭ്യമാക്കുമോ ;

(സി) ഈ സംഭവങ്ങളോടനുബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തു ;

(ഡി) ഇവയിൽ ഒട്ടാകെ എത്ര പ്രതികൾ ഉണ്ട് ;

(ഇ) ഇതിൽ എത്ര പ്രതികളെ ഇതുവരെ അറസ്റ്റു ചെയ്തു ; ഇനി എത്ര പേരെ അറസ്റ്റു ചെയ്യാനുണ്ട് ;

(എഫ്) ഈ കേസുകളിൽ എത്രയെണ്ണം ചാർജ്ജ് ചെയ്തു ;

(ജി) ബാക്കി കേസുകൾ ചാർജ് ചെയ്യുന്നതിലുള്ള കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) 23 സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി)
1. വെള്ളറട പോലീസ് സ്റ്റേഷൻ അതിർത്തിയിൽ പാലിയോട്.
2. നെയ്യാറ്റിൻകര
3. ബാലരാമപുരത്തിനടുത്ത് കട്ടച്ചൽക്കുഴി
4. കടയ്ക്കാവൂരിനടുത്ത് നെടുംപറമ്പ്
5. വർക്കലയ്ക്കടുത്ത് മുട്ടത്തറ
6. പൂന്തുറ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ മുട്ടത്തറ
7. കരുനാഗപ്പള്ളിക്കടുത്ത് ആലുംകടവ്
8. കൊച്ചുമാമൂട്
9. കൊല്ലം ജില്ലയിൽ ഉളിയക്കോവിൽ
10. കൊല്ലം ജില്ലയിൽ വൈദ്യശാലമുക്ക്

LIBRARY ARCHIVES Kerala Legislative Assembly